രാജീവ് ഗാന്ധി സെന്റർ ഫോർ ഏവിയേഷൻ ടെക്നോളജി

198 (2026) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി സെന്റർ ഫോർ ഏവിയേഷൻ ടെക്നോളജിക്കുവേണ്ടി വാങ്ങിയ വിമാനം പറത്താനാവാത്ത സാഹചര്യത്തിൽ നശിച്ചു കൊണ്ടിരിക്കുകയാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിമാനം പറത്താനാവാത്ത സാഹചര്യം തരണം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പൈലറ്റ് നിയമനക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിമാനത്തിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ Air worthiness Certificate ലഭിക്കാത്തതുകൊണ്ടാണ് ഉപയോഗിക്കാൻ കഴിയാത്തത്. Air worthiness Certificate ലഭിക്കുന്നതിനുവേണ്ടി വിമാനത്തിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറൽ നിഷ്കർഷിക്കുന്ന ചില പരിശോധനകൾ നടത്തേണ്ടതായിട്ടുണ്ട്. ഇത് നടക്കണമെങ്കിൽ ആദ്യം രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അംഗീകാരം നേടേണ്ടതുണ്ട്. ഇതിന് അക്കാദമി പുതിയതായി നിർമ്മിച്ച ഹാംഗർ പ്രവർത്തനക്ഷമമാകണം. പുതിയ ഹാംഗറിൽ നിന്നും വിമാനങ്ങൾ എയർപോർട്ടിലേക്ക് പറക്കുന്നതിനുവേണ്ടിയുള്ള പ്രവേശനകവാടം സുരക്ഷാ കാരണങ്ങളാൽ Airport Authority of India നാളിതുവരെ തുറന്നു തന്നിട്ടില്ല. ഇത് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അംഗീകാരം ലഭിക്കുന്നത് വൈകാൻ കാരണമാകുന്നു. Airport Authority of India നിഷ്കർഷിക്കുന്ന സുരക്ഷാ സജ്ജീകരണങ്ങൾ അക്കാദമി ത്വരിതഗതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പുതിയ ഹാംഗറിൽനിന്നും എയർപോർട്ടിലേക്ക് വിമാനങ്ങൾ പ്രവേശിക്കാനുള്ള അനുമതി ലഭിച്ചാലുടൻ വിമാനത്തിന് Air worthiness Certificate ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതമാക്കി വിമാനം പറക്കലിന് സജ്ജമാക്കുന്നതാണ്.

(സി) പൈലറ്റിനെ നിയമിക്കുന്നതിനുവേണ്ടി അക്കാദമി നോട്ടിഫിക്കേഷൻ നൽകികഴിഞ്ഞു. യോഗ്യരായ അപേക്ഷകരിൽനിന്നും പൈപ്പർ വിമാനത്തിന്റെ പരിശീലകനെ ഉടൻതന്നെ നിയമിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly